ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി,

**TIME: 12.30 PM** | **DATE: 23-05-2026**

1. 19-ാമത് റോസ്ഗർ മേളയുടെ ഭാഗമായി 51,000-ത്തിലധികം യുവാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നിയമന ഉത്തരവുകൾ കൈമാറി ;  വികസിത ഭാരതമെന്ന ലക്ഷ്യം നിറവേറ്റുന്നതിൽ യുവജനങ്ങൾക്ക് നിർണായക പങ്കെന്ന് പ്രധാനമന്ത്രി.

2. സംസ്ഥാനത്ത് പാലക്കാടും തിരുവനന്തപുരത്തും റോസ്ഗാർ മേള നടന്നു ; യുവാക്കളുടെ ഊർജ്ജം രാഷ്ട്രനിർമ്മാണത്തിനായി വിനിയോഗിക്കപ്പെടണമെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി.

3. രാജ്യത്ത് ഇന്ധനവിലയിൽ വീണ്ടും വർധന. പെട്രോളിന് 87 പൈസയും ഡീസലിന് 91 പൈസയും വർധിച്ചു.

4. എറണാകുളം പര്യത്തുകാവ് കുടിയൊഴിപ്പിക്കലിൽ തിങ്കളാഴ്ച ഹൈക്കോടതിയെ സമീപിക്കുമെന്ന്  മന്ത്രി റോജി എം ജോൺ.

5. സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് ; ഇന്ന് അഞ്ച് ജില്ലകളിൽ  മഞ്ഞ ജാഗ്രത.

6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് പഞ്ചാബ് കിംഗ്സിനെ നേരിടും.

RNU TVPM

****************************************

## പ്രധാനമന്ത്രി

19-ാമത് റോസ്ഗർ മേളയുടെ ഭാഗമായി വിവിധ കേന്ദ്ര സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും പുതുതായി നിയമിതരായ 51,000-ത്തിലധികം യുവാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നിയമന ഉത്തരവുകൾ കൈമാറി. രാജ്യത്തിന്റെ വികസന യാത്രയിൽ ഉത്തരവാദിത്തത്തോടെ സംഭാവന ചെയ്യാൻ ഉദ്യോഗാർത്ഥികൾക്ക് കഴിയട്ടെയെന്ന് ചടങ്ങിനെ വീഡിയോ കോൺഫെറൻസിലൂടെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി ആശംസിച്ചു. വികസിത ഭാരതത്തിനായുള്ള ദൃഢനിശ്ചയം നിറവേറ്റുന്നതിൽ യുവജനങ്ങൾക്ക് നിർണായക പങ്കാണുള്ളതെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തുടനീളമുള്ള 47 സ്ഥലങ്ങളിലാണ് റോസ്ഗർ മേള നടന്നത്.

****************************************

## പാലക്കാട് -റോസ്ഗാർ മേള

പാലക്കാട് നടന്ന റോസ്ഗാർ മേളയിൽ റെയിൽവേയിലെ ഏഴു പേർക്കടക്കം 137 പേർക്ക് നിയമന ഉത്തരവ് കൈമാറി. പരിപാടിയിൽ കേന്ദ്ര മന്ത്രി എച്ച്.ഡി.കുമാരസ്വാമി മുഖ്യാതിഥിയായി.

RNUTVPM

****************************************

## സുരേഷ് ഗോപി - റോസ്ഗർ മേള(ഇൻട്രോ)

യുവാക്കളുടെ ഊർജ്ജം രാഷ്ട്രനിർമ്മാണത്തിനായി വിനിയോഗിക്കപ്പെടണമെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി. റോസ്ഗർ മേളയുടെ ഭാഗമായി തിരുവനന്തപുരത്ത് ദക്ഷിണ റെയിൽവേ സംഘടിപ്പിച്ച മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യുവശക്തിയെ ദേശീയ ശക്തിയായി മാറ്റുന്ന മഹത്തായ കർമപരിപാടിയാണ് റോസ്ഗർ മേളയെന്നും നിയമന ഉത്തരവ് ലഭിച്ചവർ രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തേണ്ടവരാണെന്നും അദ്ദേഹം

പറഞ്ഞു.

****************************************

## പ്രകൃതിവാതക മന്ത്രാലയം

രാജ്യത്ത് പെട്രോളിന്റെയും ഡീസലിന്റെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ടെന്നും വിതരണം കൃത്യമായി നടക്കുന്നുണ്ടെന്നും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം. ആവശ്യത്തിനനുസരിച്ച് മാത്രം ഇന്ധനം വാങ്ങണമെന്നും ജനങ്ങൾ പരിഭ്രാന്തരാകരുതെന്നും മന്ത്രാലയം അഭ്യർത്ഥിച്ചു.

****************************************

## ഇന്ധനവില

രാജ്യത്ത് ഇന്ധവിലയിൽ വീണ്ടും വർധന. പെട്രോളിന് 87 പൈസയും ഡീസലിന് 91 പൈസയുമാണ് ഇന്ന് കൂടിയത്. പത്തു ദിവസത്തിനിടെയുണ്ടാകുന്ന മൂന്നാമത്തെ വിലവർദ്ധനവാണിത്. തിരുവനന്തപുരത്ത് പെട്രോളിന് 112 രൂപ 65 പൈസയും, ഡീസലിന് 101 രൂപ 56 പൈസയുമായി ഉയർന്നു. ഹോർമുസ് കടലിടുക്കിലുണ്ടായ തടസ്സങ്ങളും ആഗോള വിപണിയിൽ ക്രൂഡ് ഓയിൽ വില കുത്തനെ ഉയർന്നതുമാണ് വിലവർദ്ധനവിന് കാരണം.

RNUTVPM

****************************************

## സിബിഎസ്ഇ

സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ് ബോർഡ് പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ ലഭ്യമാക്കുന്നതിനുള്ള അവസാന തീയതി നാളെ വരെ നീട്ടി. സിബിഎസ്ഇ വെബ്സൈറ്റിൽ അസാധാരണമായ തിരക്ക് അനുഭവപ്പെട്ടത് ഉൾപ്പടെ കണക്കിലെടുത്താണ് തീരുമാനം. നീട്ടിയ സമയപരിധി പ്രയോജനപ്പെടുത്തി നടപടികൾ വേഗത്തിൽ പൂർത്തിയാക്കാൻ സിബിഎസ്ഇ വിദ്യാർത്ഥികളോട് നിർദ്ദേശിച്ചു.

****************************************

## സിവിൽ സർവ്വീസ് പരീക്ഷ

UPSC സിവിൽ സർവ്വീസ് പ്രാഥമിക പരീക്ഷ നാളെ നടക്കും. കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലെ വിവിധ കേന്ദ്രങ്ങളിലായി ഏകദേശം 21,000 ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതും. രാവിലെ 9.30 മുതൽ 11.30 വരെയും, ഉച്ചയ്ക്ക് ശേഷം 2.30 മുതൽ 4.30 വരെയുമാണ് പരീക്ഷ.

****************************************

## ഉന്നതി-തൃശ്ശൂർ (ഇൻട്രോ)

തൃശൂർ മാരാങ്കോട്, രണ്ടു കൈ ഉന്നതികളിൽ ജില്ലാ കളക്ടർ സന്ദർശനം നടത്തി. ചാലക്കുടി താലൂക്കിൽ മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന അരേക്കാപ്പ്, വീരാങ്കുടി ഉന്നതികളിലുള്ളവരെ മാറ്റിപ്പാർപ്പിച്ച കശുമാവിൻ തോട് ഉന്നതിയിലെയും രണ്ടു കൈ ഉന്നതിയിലെയും ജനങ്ങളുമായി ജില്ലാ കളക്ടർ ശിഖ സുരേന്ദ്രൻ സംവദിച്ചു.

RNU/TVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാപ്രതിനിധി ഭരിതാ പ്രതാപ്............**

****************************************

## വിദ്യാഭ്യാസ മന്ത്രി റോജി എം ജോൺ

എറണാകുളം പര്യത്തുകാവ് കുടിയൊഴിപ്പിക്കലിൽ തിങ്കളാഴ്ച ഹൈക്കോടതിയെ സമീപിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം ജോൺ. കേസ് സർക്കാർ ഏറ്റെടുക്കുമെന്നും അനുകൂല വിധിയില്ലെങ്കിൽ പുനരധിവാസത്തിനു ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു. മന്ത്രിയുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന ഉന്നത തല യോഗത്തിലാണ് തീരുമാനം അറിയിച്ചത്.

****************************************

**വിഷു ബമ്പർ ഭാഗ്യക്കുറി**

സംസ്ഥാനത്ത് വിഷു ബമ്പർ ഭാഗ്യക്കുറി ടിക്കറ്റുകൾക്ക് സമ്പൂർണ വില്പന. ഇന്ന് നറുക്കെടുപ്പ് നടക്കാനിരിക്കെയാണ് അച്ചടിച്ച 45 ലക്ഷം ടിക്കറ്റുകളും വിറ്റഴിച്ചത്. പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ വില്പന നടന്നത്. ഇന്ന് ഉച്ചയ്ക്ക് രണ്ടിനാണ് നറുക്കെടുപ്പ്. ഒന്നാം സമ്മാനം പന്ത്രണ്ട് കോടി രൂപ.

****************************************

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

****************************************

**പോലീസ് - യോഗം**

ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയുടെ അധ്യക്ഷതയിൽ സംസ്ഥാനത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം തിരുവനന്തപുരത്ത് ചേർന്നു. എസ്.പി റാങ്കിന് മുകളിലേക്കുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥർ പങ്കെടുത്തു.

****************************************

RNU TVPM

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരും. ഇന്ന് അഞ്ച് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരളം , കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 26 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

****************************************

## ഐപിഎൽ ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് പഞ്ചാബ് കിംഗ്സിനെ നേരിടും. രാത്രി 7:30 ന് ലഖ്നൗവിലാണ് മത്സരം.

****************************************

## വയനാട് - കടുവ (ഇൻട്രോ)

വയനാട്ടിൽ വീണ്ടും കടുവാ സാന്നിധ്യം. മീനങ്ങാടി ഒരപ്പുവയലിൽ വനം വകുപ്പ് കൂട് സ്ഥാപിച്ചു. കടുവ കൂടുതൽ തവണ എത്തിയ പ്രദേശത്താണ് ഇപ്പോൾ കൂട് സ്ഥാപിച്ചിരിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.........**

****************************************

## തൃശ്ശൂർ -ആന ഇടഞ്ഞു

തൃശൂർ ടൗൺ ഹാൾ പരിസരത്ത് വച്ച് ഇടഞ്ഞ ആനയെ തളച്ചു. 'ശിവലക്ഷ്മി അയ്യപ്പൻ' എന്ന ആനയാണ് നഗരത്തിൽ പരിഭ്രാന്തി സൃഷ്ടിച്ചത്. വീടുകളുടെ ഗേറ്റുകളും, വാഹനങ്ങളും ഉൾപ്പടെ ആന തകർത്തു. നായയെ കണ്ട് ഭയന്നാണ് ആന ഇടഞ്ഞതെന്നാണ് പ്രാഥമിക വിവരം.

RNU TVPM

പോലീസും എലിഫന്റ് സ്കാഡും, വനം വകുപ്പ് ഉദ്യോഗസ്ഥരും ഉൾപ്പെടെ സ്ഥലത്തെത്തി ഏറെനേരം പരിശ്രമിച്ചാണ് ആനയെ തളച്ചത്.

****************************************

## മൂന്നാർ - ആക്രമണം.

ഇടുക്കി മൂന്നാർ ടോപ്പ് സ്റ്റേഷനിൽ വിനോദ സഞ്ചാരികൾക്ക് നേരെയുണ്ടായ അതിക്രമത്തിൽ തമിഴ്നാട് പോലീസ് പരാതി സ്വീകരിച്ചു. തേനി കളക്ട്രേറ്റിൽ നിന്നും നിർദ്ദേശം ലഭിച്ചതോടെയാണ് തമിഴ്നാട്ടിലെ കൊരങ്ങണി പോലീസ് സ്റ്റേഷനിൽ പരാതി സ്വീകരിച്ചത്. ടോപ് സ്റ്റേഷൻ സ്വദേശികളായ വിനോദ് , ഋതിക്, ഡേവിഡ് എന്നിവർക്കെതിരെ ജാമ്യമില്ലാ കുറ്റം ചുമത്തി. ആക്രമണത്തിൽ വിശദമായ അന്വേഷണം നടത്തുമെന്ന് ടൂറിസം മന്ത്രി പി സി വിഷ്ണുനാഥ് പറഞ്ഞു. കഴിഞ്ഞ ദിവസമാണ് വർക്കല സ്വദേശികൾക്ക് നേരെ മുന്നാറിൽ ആക്രമണം ഉണ്ടായത്.

****************************************

## തടവുശിക്ഷ വിധിച്ചു

തമിഴ്നാട്ടിലെ തിരുപ്പൂരിൽ മതിയായ രേഖകളില്ലാതെ നിയമവിരുദ്ധമായി താമസിച്ച 25 ബംഗ്ലാദേശി തൊഴിലാളികൾക്ക് പ്രത്യേക കോടതി രണ്ട് വർഷത്തെ തടവുശിക്ഷ വിധിച്ചു. വസ്ത്ര വിതരണ സ്ഥാപനത്തിൽ ജോലി ചെയ്തിരുന്നവർക്കാണ് ശിക്ഷ ലഭിച്ചത്. ഇവരിൽ നിന്ന് ബംഗ്ലാദേശ് പൗരത്വം തെളിയിക്കുന്ന തിരിച്ചറിയൽ രേഖകൾ പോലീസ് കണ്ടെത്തിയിരുന്നു.

****************************************

## നിയമനം

തിരുവനന്തപുരം വഴുതക്കാട് കാഴ്ചപരിമിതർക്കായുള്ള സർക്കാർ വിദ്യാലയത്തിൽ വിവിധ ഒഴിവുകളിലേക്ക് ദിവസ

RNU TVPM

വേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ഫീമെയിൽ മേട്രൺ, നൈറ്റ് വാച്ച്മാൻ, ബ്രയിലിസ്റ്റ് തസ്തികകളിൽ ഈ മാസം 25 നും ക്രാഫ്റ്റ് ടീച്ചർ, ഫീമെയിൽ ഗൈഡ്, കുക്ക്, മെയിൽ മേട്രൺ തസ്തികകളിൽ 29നും പ്രായോഗിക പരീക്ഷയും അഭിമുഖവും നടത്തും.

****************************************

## ന്യൂനപക്ഷ കമ്മീഷൻ

വയനാട് പള്ളിക്കൽ ഗവ. എൽ.പി സ്കൂൾ ഈ അദ്ധ്യയന വർഷം തന്നെ യു.പി സ്കൂളാക്കി ഉയർത്താൻ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ശിപാർശ. പൊതുവിദ്യാഭ്യാസ ഡയറക്ടർക്കാണ് കമ്മീഷൻ ഇത് സംബന്ധിച്ച ശിപാർശ നൽകിയത്.

***************************************************************************
**********************************************

RNU TVPM